(ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അംഗൻവാടി വർക്കർമാരെയും ആരോഗ്യ വകുപ്പിലെയും തദ്ദേശസ്വയം ഭരണ വകുപ്പിലെയും നാഷണൽ ഹെൽത്ത് മിഷനിലെയും ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാർ/ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ എന്നിവരെയുമാണ് സെൻസസിന്റെ വിവര ശേഖരണത്തിനായി നിയോഗിച്ചത്.

(സി) ആര്യനാട്, കൊല്ലയിൽ ഗ്രാമപഞ്ചായത്തുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിയിലും പൈലറ്റ് സെൻസസ് നടത്തിയവർക്ക് പ്രതിഫലമായി 2,27,930 രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്. സെൻസസിന്റെ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഡാറ്റാ എൻട്രി പൂർത്തിയായതിനുശേഷം മാത്രമേ ഓരോ എന്യൂമറേറ്റർക്കും നൽകാനുള്ള തുക കൃത്യമായി കണക്കാക്കി നൽകുവാൻ കഴിയുകയുള്ളൂ.

(ഡി) പ്രാഥമിക സെൻസസ് നടത്തിയ അംഗൻവാടി വർക്കർമാർക്ക് വീടൊന്നിന് 5 രൂപയും രണ്ടാംഘട്ട സെൻസസ് നടത്തിയ ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് വീടൊന്നിന് 15 രൂപയും പ്രതിഫലമായി നിശ്ചയിച്ചിട്ടുണ്ട്.

ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിൽ പ്രശ്നങ്ങൾ

320 (1794) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന സർവ്വീസിൽ ഉൾപ്പെടെ നിയമനം ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത്തരക്കാർക്ക് സാധാരണക്കാർക്ക് ലഭിക്കുന്ന നീതി ലഭ്യമാക്കുവാൻ നിയമനിർമ്മാണമുൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ വിഷയത്തിൽ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നിയമനിർമ്മാണങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ടി വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ട്രാൻസ് ജെൻഡർ പോളിസിക്ക് രൂപം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സമത്വത്തിനുള്ള അവകാശം അതിക്രമങ്ങളിൽ നിന്ന് മോചനം നേടുന്നതിനും അഭിമാനത്തോടുകൂടി ജീവിക്കുന്നതിനുമുള്ള അവകാശം, വികസനത്തിൽ തുല്യ അഭിപ്രായവും പങ്കാളിത്തവും ഉറപ്പാക്കുക, അഭിപ്രായ സ്വാതന്ത്ര്യം ഉറപ്പാക്കുക എന്നിവയിൽ അധിഷ്ഠിതമായ ഒരു സമീപനമാണ് ട്രാൻസ് ജെൻഡർ പോളിസിയിൽ സ്വീകരിച്ചിരിക്കുന്നത്. ട്രാൻസ് ജെൻഡർ ജസ്റ്റിസ് ബോർഡും ട്രാൻസ് ജെൻഡർ ഹെൽപ്പ് ലൈനും സ്ഥാപിക്കുമെന്ന് പോളിസിയിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ, ട്രാൻസ് ജെൻഡർ പോളിസി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെ ചുമതലകളും ടി പോളിസിയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

തപാൽ വഴി ക്ഷേമപെൻഷനുകൾ

321 (T* 1795) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തപാൽ വഴി ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സാധാരണ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തപാൽ വകുപ്പിന്റെ ഏറ്റവും താഴെത്തട്ടിൽ ഉള്ള കൃത്യമായി എത്തിയോ എന്നറിയുന്നതിനും കൃത്യ സമയത്ത് വിതരണം ചെയ്തോ എന്നും അറിയുന്നതിനുള്ള സാങ്കേതിക സംവിധാനം സമയബന്ധിതമായി പ്രവർത്തിക്കുന്നില്ല. കൂടാതെ തപാൽ ഓഫീസുകളുടെ വിവിധ കോഡുകൾ മുന്നറിയിപ്പില്ലാതെ ഇടയ്ക്കിടയ്ക്ക് മാറുന്നത് സുഗമമായ വിതരണത്തിന് തടസ്സമാകുന്നു. ആയത് പരിശോധിച്ചു വരികയാണ്.

അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ

322 (1796) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ പരിഷ്കരിക്കാൻ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മാതൃകാ അംഗൻവാടികളിൽ കുട്ടികളെ ആകർഷിക്കാവുന്ന ഏതെങ്കിലും പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly